**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3567** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ -സ്വിഫ്റ്റ് കമ്പനിയുടെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ കെ -സ്വിഫ്റ്റ് കമ്പനി രൂപീകരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി രൂപീകരിയ്ക്കുന്നതിനുള്ള കാരണങ്ങൾ താഴെ സൂചിപ്പിയ്ക്കുന്നു :<br><br>• കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് KSRTC RESTRUCTURE 2.0 എന്ന പാക്കേജ് സമർപ്പിച്ചതിൽ ഒരു സുപ്രധാന നിർദ്ദേശമായി KSRTCയ്ക്കായി വാങ്ങുന്ന പുതിയ ബസ്സുകൾ സർവീസ് നടത്തുന്നതിനായി KSRTC സ്വിഫ്റ്റ് എന്ന പേരിൽ ഒരു സ്വതന്ത്ര കമ്പനി എന്ന ആശയം സമർപ്പിച്ചത് സർക്കാർ അംഗീകരിയ്ക്കുകയായിരുന്നു.<br>• KIIFB നിഷ്കർഷിച്ചിരുന്നത് പ്രകാരം പുതിയ ബസ്സുകൾക്കായി വായ്പ ലഭ്യമാകണമെങ്കിൽ ഒരു Special Purpose Vehicle (SPV) രൂപീകരിയ്ക്കണമെന്നതും ഇതിന് അടിസ്ഥാനമാണ്. |
| (ബി) | പ്രസ്തുത കമ്പനി രൂപീകരിച്ചതുമൂലം കെ.എസ്.ആർ.ടി.സി യ്ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (ബി) | KSRTC-സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിച്ചത് മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ താഴെ വിവരിയ്ക്കുന്നു:<br><br>• നിലവിൽ KSRTC-യുടെ സാമ്പത്തിക സ്ഥിതി വളരെ ശോചനീയമായതിനാൽ ധനകാര്യസ്ഥാപനങ്ങളൊന്നും തന്നെ KSRTC-യ്ക്ക് വായ്പ നൽകുവാൻ തയാറല്ല.<br>• കിഫ്ബി പോലെയുള്ള സ്ഥാപനങ്ങൾ വായ്പ ലഭ്യമാക്കുന്നതിനായി Special Purpose Vehicle (SPV) രൂപീകരിയ്ക്കണമെന്നുള്ള നിർദ്ദേശം KSRTC-സ്വിഫ്റ്റിന്റെ രൂപീകരണത്തോടെ സാധ്യമാക്കുകയും |

| | | | | |
|---|---|---|---|---|
| | | | | സാമ്പത്തിക സഹായം ലഭ്യക്കുവാൻ സാധിയ്ക്കുകയും ചെയ്യുന്നു.<br>• ഇത് മൂലം കെ.എസ്.ആർ.ടി.സി.യിൽ കാലഹരണപെട്ട പഴയ സൂപ്പർ ക്ലാസ് ബസ്സുകൾക്ക് പകരം പുതിയ ബസുകൾ വാങ്ങുന്നതിനും യാത്രക്കാർക്ക് മികച്ച സൗകര്യങ്ങളോടെ നിരത്തിലിറക്കാനും സാധിയ്ക്കുന്നു.<br>• ഹരിത ഇന്ധനങ്ങളോടെയുള്ള കൂടുതൽ പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്കായി KSRTC-സ്വിഫ്റ്റ് വഴി നൽകുന്നതിന് അന്തരീക്ഷ മലിനീകരണ തോത് കുറക്കുന്നതിലുപരി പ്രവർത്തന ചെലവ് ഗണ്യമായി കുറയ്ക്കുവാനും സഹായിക്കുന്നു.<br>• ഈ വിധത്തിൽ സർവീസ് നടത്തുന്ന പുതിയ ബസ്സുകളിൽ നിന്ന് ലഭിയ്ക്കുന്ന വരുമാനം കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം അക്കൗണ്ടിലേക്കാണ് അടയ്ക്കുന്നത്. കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റിന് ഓടിയ ദൂരത്തിന് ആനുപാതികായ നിരക്ക് മാത്രമാണ് നൽകുന്നത്, അതായത് ഈ ബസ്സുകളിൽ നിന്നുണ്ടാകുന്ന ലാഭം കെ.എസ്.ആർ.ടി.സി.യ്ക്ക് മുതൽക്കൂട്ടാവുന്നതാണ്.<br>• കൂടാതെ ക്രൂ സഹിതം ബസ്സുകൾ കെ.എസ്.ആർ.ടി.സി.യിലേക്ക് നൽകുന്നതിനാൽ കെ.എസ്.ആർ.ടി.സി.യിൽ ലഭ്യമായ അധിക ക്രൂവിനെ ഉപയോഗിച്ച് കൂടുതൽ സർവീസുകൾ നടത്തുവാൻ സാധിയ്ക്കുന്നതും ഇത് വഴി കൂടുതൽ വരുമാനം കൈവരിയ്ക്കാനും സാധിയ്ക്കും.<br>• കെ.എസ്.ആർ.ടി.സി.യുടെ ക്രൂവിന്റെ ചിലവ് കൂടുതലും KSRTC-SWIFT വഴി നിയോഗിക്കപ്പെടുന്ന ക്രൂവിന്റെ സേവന വ്യവസ്ഥകൾ വ്യത്യസ്തമായതിനാൽ ജീവനക്കാരുടെ ചിലവ് KSRTCയുമായി താരതമ്യം ചെയ്യുമ്പോൾ കുറവുമാണ്. |

സെക്ഷൻ ഓഫീസർ